നം.EL1 – 198546/19.

കളക്ടറേറ്റ്, തൃശ്ശൂർ,
പി.ഒ.അയ്യന്തോൾ, പിൻ:680 003.
ഫോൺ നം.0487 2361063.
ഇമെയിൽ: edctsr@gmail.com
തീയതി: 30/12/2019.

പ്രേഷകൻ

ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

സ്വീകർത്താവ്

1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ, തൃശ്ശൂർ.
3. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് വൊക്കേഷണൽ ഹയർ സെക്കന്ററി, തൃശ്ശൂർ.
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ.
5. മത്സരത്തിൽ രജിസ്റ്റർ ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സർ,

വിഷയം:- SVEEP – 2020ലെ ദേശീയ സമ്മതിദായക ദിനത്തോടനു ബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി കത്തെഴുത്ത് മത്സരം നടത്തുന്നത് സംബന്ധിച്ച്.

സൂചന:- ചീഫ് ഇലക്ടറൽ ഓഫീസറുടെ 04/12/2019 തീയതിയിലെ 8808/EE2/19/Elec. നമ്പർ സർക്കാർ കത്ത്.

~~~ ~~~ ~~~

2020ലെ ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ എയിഡഡ്, അംഗീകൃത സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി "രാജ്യത്തെ ഓരോ പൗരനും സമ്മതിദായവകാശം രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം" എന്ന വിഷയവുമായി ബന്ധപ്പെട്ട് തത്സമയം നൽകുന്ന വിഷയത്തിൽ ജില്ലാതല കത്തെഴുത്ത് മത്സരം 2020 ജനുവരി 1-ാം തീയതി രാവിലെ 11.00 മണിക്ക് മുളങ്കുന്നത്തുകാവ് ആസ്ഥാനമായുള്ള 'കില'യിൽ വെച്ച് നടക്കും. ഇതിനകം പേര് നൽകിയിട്ടുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 മണിക്ക് തന്നെ രജിസ്ട്രേഷന് ഹാജരാകേണ്ടതാണ്. രക്ഷിതാവിന്റെയോ, സുഹൃത്തിന്റെയോ, ബന്ധുവിന്റെയോ മേൽവിലാസമെഴുതിയ പോസ്റ്റൽ ഇൻലൻഡും, പേനയും, സ്കൂൾ ഐഡന്റിറ്റി കാർഡും കൊണ്ടു വരേണ്ടതാണ്. മത്സരം കൃത്യം രാവിലെ 11.00 മണിക്ക് കില അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനോട് ചേർന്നുള്ള ഗ്രാമസ്വരാജ് ഹാളിൽ വെച്ച് നടത്തുന്നതാണ്. മൽസരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ രക്ഷിതാവിന്റെയോ, സുഹൃത്തിന്റെയോ, ബന്ധുവിന്റെയോ മേൽവിലാസമെഴുതിയ ഒരു പോസ്റ്റൽ ഇൻലാൻഡും എഴുതുന്നതിനുള്ള പേനയും സ്കൂൾ ID കാർഡും കൊണ്ടുവരേണ്ടതാണ്. വിദ്യാർത്ഥികളുടെ കൂടെ അധ്യാപകരോ, രക്ഷിതാക്കളോ ഉണ്ടായിരിക്കേണ്ടതാണ്. കത്തെഴുത്ത് മത്സരം സംബന്ധിച്ച നിബന്ധനകൾ ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

COLLECTORATE
Date..............
THRISSUR
~~~

നം.EL1 – 198546/19.

**2020ലെ ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി കത്തെഴുത്ത് മത്സരം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

1. സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ എയിഡഡ്, അംഗീകൃത സ്വകാര്യ സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ജില്ലാതല കത്തെഴുത്ത് മത്സരം 2020 ജനുവരി 1-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിമുതൽ 11.30വരെയുള്ള സമയത്ത് സംസ്ഥാനത്തെ 14 ജില്ലകളിലേയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.
2. മത്സരത്തിൽ പങ്കെടുക്കുന്ന രണ്ടു വിദ്യാർത്ഥികളുടെ പേര് സ്കൂളിലെ പ്രധാന അദ്ധ്യാപകൻ 2019 ഡിസംബർ 15ന് മുമ്പായി കളക്ടറേറ്റ് ഇലക്ഷൻ വിഭാഗത്തിൽ നേരിട്ടൊ, ഫോൺ മുഖാന്തിരമൊ, ഇമെയിൽ വഴിയോ, രജിസ്റ്റർ ചെയ്യേണ്ടതാണ്.
3. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ രക്ഷാകർത്താവിന്റെയൊ, സുഹൃത്തിന്റെയൊ, ബന്ധുവിന്റെയൊ മേൽവിലാസമെഴുതിയ ഒരു പോസ്റ്റൽ ഇൻലാൻഡും എഴുതുന്നതിനുള്ള പേനയും കൊണ്ടുവരേണ്ടതാണ്.

[അരമണിക്കൂറാണ് മത്സര സമയം. ഒരു പോസ്റ്റൻ ഇൻലാൻഡിന്റെ പരിധിയിൽ 200 വാക്കിൽ കൂടാത്ത തരത്തിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് നൽകുന്ന തൽസമയ വിഷയത്തിൽ വിദ്യാർത്ഥികൾ കത്ത് തയ്യാറാക്കേണ്ടതാണ്].

ഒപ്പ്

കളക്ടറേറ്റ്, തൃശ്ശൂർ,
തീയതി: 05/12/2019.

ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് (ഇലക്ഷൻ).